**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 59** **24-08-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിക്ഷേപ അനുകൂല സാഹചര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി ഇതുവരെ എത്ര സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | നിലവിൽ 24 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്; | (ബി) | 02/04/2022-ലെ ജി.ഓ.(എം.എസ്) നമ്പർ 31/2022/ഐഡി ഉത്തരവ് പ്രകാരം സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം - 2022 നിലവിൽ വന്നിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്പോർട്ടൽ മുഖേന ഓൺലൈനായി വ്യവസായ വാണിജ്യ ഡയറക്ടർക്ക് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് സർക്കാരിലേക്ക് അയക്കുന്നു. സർക്കാർ തലത്തിൽ ധനകാര്യം, വ്യവസായം, റവന്യൂ, വൈദ്യുതി, പരിസ്ഥിതി, തദ്ദേശ സ്വയംഭരണം, ജലവിഭവം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അടങ്ങിയ സ്റ്റേറ്റ് ലവൽ സെലക്ഷൻ കമ്മിറ്റി യോഗം ചേർന്ന് ഇവ വിലയിരുത്തി അനുയോജ്യമായവയ്ക്ക് അംഗീകാരം നൽകുകയും തുടർന്ന് ഡവലപ്പർ പെർമിറ്റ് അനുവദിക്കുകയും ചെയ്യും. ഇത്തരത്തിൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുവാൻ അനുമതി ലഭിച്ച ഭൂമിയ്ക്ക് കേരള ഇൻഡസ്ട്രീയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഡെവലപ്പ്മെന്റ് റൂൾ 2019 എന്നിവയുടെ പരിധിയിൽ വരുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കും. |
| (സി) | സ്വകാര്യ വ്യവസായ പാർക്കുകൾക്ക് എന്തെല്ലാം അടിസ്ഥാന വികസന സൗകര്യങ്ങളാണ് | (സി) | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭം ആരംഭിക്കുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന |

| | | | |
|---|---|---|---|
| | ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ? | | സൗകര്യങ്ങളും ഡവലപ്പർ സജ്ജമാക്കി സംരംഭകർക്ക് നൽകുന്നു. ഈ പദ്ധതി പ്രകാരം സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം, മറ്റു പൊതു സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് ഡെവല പ്പർക്ക് സർക്കാർ ധനസഹായം നൽകുന്നതാണ്. ഇത്തരത്തിൽ, പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റാക്കി മാറ്റുന്ന ഭൂമിയുടെ അളവിന്റെ അടിസ്ഥാനത്തിൽ ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ സർക്കാർ ധനസഹായം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ